10. തീരെ അവികസിത മേഖലകളായ അട്ടപ്പാടിയിലെ കുറുമ്പ കോളനിയിലും ഇടമലക്കുടിയിലെ മുതുവ കോളനിയിലും സമഗ്ര ഊരുവികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നു.

11. ആദിവാസികളുടെ ആരോഗ്യപരിരക്ഷയ്ക്കായി മെഡിക്കൽ ക്യമ്പുകൾ സംഘടിപ്പിക്കുന്നു.

12. അപകട മരണത്തിനും വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുമെതിരെ എല്ലാ ആദിവാസികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ 18-5-2009-ലെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് വനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന സെറ്റിൽമെന്റുകളിലെ 13 തരം വികസനാവശ്യങ്ങൾക്കായി 1 ഹെക്ടർ വരെ വനഭൂമി 75 മരങ്ങൾ വരെ മുറിച്ചു മാറ്റാമെന്ന വ്യവസ്ഥയിൽ ഡി.എഫ്.ഒ. തലത്തിൽ അനുവദിച്ചു നൽകുന്നു.

(സി) പട്ടികവർഗ്ഗക്കാർക്ക് ഈറ്റയും മുളയും നിലവിലുള്ള സീനിയറേജു നിരക്കിന്റെ 50 ശതമാനം ഇൗടാക്കിക്കൊണ്ടു നൽകുന്നതിന് 2007-ൽ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. കൂടാതെ ആദിവാസികൾ ഉൾപ്പെടെയുള്ള പരമ്പരാഗത ഈറ്റത്തൊഴിലാളികൾക്ക് കേരള സംസ്ഥാന ബാംബു കോർപ്പറേഷൻ വഴി സൗജന്യമായി ഈറ്റ നൽകിവരുന്നു.

(ഡി) വനമേഖലയിൽ പണിയെടുക്കുന്ന ആദിവാസികൾക്ക് സർക്കാർ വനമേഖലയിലെ തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം വേജസ് നിരക്കിൽ വേതനം നൽകുന്നുണ്ട്. ഈ നിരക്കുകൾ പുതുക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ഹൗസിംഗ് ബോർഡിന്റെ വികസന പദ്ധതികൾ

27 (*477) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ (പി.പി.പി.) ഹൗസിംഗ് ബോർഡിന്റെ സ്ഥലങ്ങളിൽ നടപ്പാക്കുന്ന വികസന പദ്ധതികൾ വിശദീകരിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം പൊതുമേഖലയിൽ നിന്നും സ്വകാര്യ മേഖലയിൽ നിന്നും എത്ര തുക വീതം നിക്ഷേപം ഉണ്ടായിട്ടുണ്ട് ;

(സി) ഹൗസിംഗ് ബോർഡിന്റെ ഏതെല്ലാം ജില്ലകളിലെ എത്ര സ്ഥലം വീതമാണ് വികസനത്തിന് ഉപയോഗപ്പെടുത്തിയതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) :

(എ & ബി) ഭവനനിർമ്മാണ ബോർഡിന്റെ പ്രധാനപ്പെട്ട സ്ഥലങ്ങൾ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ((PPP) വികസിപ്പിക്കുന്നതിന് ദേശീയവും, അന്തർദ്ദേശീയവുമായ ടെണ്ടർ വഴി സ്വകാര്യ സംരംഭകരെ കണ്ടെത്തേണ്ടതുണ്ട്. ഇതിനായി ഈ മേഖലയിൽ കഴിവു തെളിയിച്ചിട്ടുള്ള കൺസൾട്ടന്റുമാരുടെ സേവനം പ്രയോജനപ്പെടുത്താനും അനുമതി നൽകിയിട്ടുണ്ട്. കൊച്ചി മറൈൻഡ്രൈവിലുള്ള ബോർഡിന്റെ 17.9 ഏക്കർ സ്ഥലം Joint Venture (JV)/Public Private Partnership (PPP) ലൂടെ Special Purpose Vehicle (SPV) രൂപീകരിച്ചോ/ Development Agreement -ലൂടെയോ വികസിപ്പിക്കുന്നതിനുള്ള Development Partner റെ കണ്ടെത്തുന്നതിനുള്ള Consultant-നെ തെരഞ്ഞെടുത്തിട്ടുണ്ട്. കൺസൾട്ടൻസി ജോലികൾ പുരോഗമിച്ചു വരുന്നു. അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

തിരുവനന്തപുരം ജില്ലയിലെ ആക്കുളത്ത് കേരളസംസ്ഥാന ഭവനനിർമ്മാണ ബോർഡും നാഷണൽഗെയിംസ് സെക്രട്ടേറിയറ്റും സംയുക്തമായി സ്വകാര്യ പങ്കാളിത്തത്തോടെയാണ് ഗെയിംസ് വില്ലേജ് നിർമ്മിക്കുന്നത്. ഇതിനായി വിശദമായ രൂപരേഖ തയ്യാറാക്കുന്നതിന് പി.ഡബ്ല്യു.ഡി. എന്ന കൺസൾട്ടൻസിയെ ആണ് ഏൽപ്പിച്ചിരിക്കുന്നത്. ഇതിന്റെ ടെൻഡർ ഉടൻ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

ബോർഡിന്റെ മറ്റു ചില സ്ഥലങ്ങളായ ചേവരമ്പലം, തൃക്കാക്കര, ചാലക്കുടി, അമ്പലനഗർ, ആക്കുളം, തിരുവനന്തപുരം പണ്ഡിറ്റ് കോളനി, പി.ടി.ചാക്കോ നഗർ, പട്ടം, ജഗതി, പനമ്പിള്ളി നഗർ, കുമാരനാശാൻ നഗർ തുടങ്ങിയ സ്ഥലങ്ങളിൽ Build-Share-Transfer (BST) രീതിയിൽ പദ്ധതികൾ നടത്താനും അനുമതി നൽകിയിരുന്നു. സ്വകാര്യസംരംഭകരെ കണ്ടെത്തുന്നതിന് National Competitive Bidding വഴി ഓഫറുകൾ ക്ഷണിച്ചിരുന്നു. ബോർഡിന് ലാഭകരമായി തോന്നുന്ന ഓഫറുകൾ സ്വീകരിക്കാനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ടി പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലായതിനാൽ ഏത്ര രൂപയുടെ നിക്ഷേപം ലഭിക്കുമെന്ന് അറിയാൻ ഇരിക്കുന്നതേയുള്ളൂ. നിലവിൽ നിക്ഷേപമൊന്നും ലഭ്യമായിട്ടില്ല.

(സി) വികസന പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറായി വരുന്നതേയുള്ളൂ. അതിനാൽ ബോർഡിന്റെ ഒരു സ്ഥലവും നിലവിൽ ഉപയോഗപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly